ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഡിബി1/7942/2010/സിഇ/തസ്വഭവ

തീയതി: 17.08.2017

# സർക്കുലർ

വിഷയം:- തസ്വഭവ - ഇ-ടെണ്ടറിംഗുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് അക്കൗണ്ട് തുറക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകിയത് - സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 27.07.2017 ൽ നടന്ന യോഗത്തിന്റെ 2.6-ാം നമ്പർ നടപടി വിവരം

ഓരോ ജില്ലയിലെയും ത്രിതല പഞ്ചായത്തുകളിലെ ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും നിലവിൽ ഒടുക്കുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിലുള്ള ഒരു ബാങ്ക് അക്കൗണ്ടിലാണ്. ഇപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിയ തുക, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് ഒരു ബാങ്ക് അക്കൗണ്ടിലൂടെ വേർതിരിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നതായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് സൂചന പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

നിലവിൽ ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വകുപ്പ് മേധാവികളും (ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും മാത്രം) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ (എസ്.ബി.ഐ) ശാഖയിൽ ഔദ്യോഗിക മേൽ വിലാസത്തിൽ ഒരു കറണ്ട് അക്കൗണ്ട് തുടങ്ങേണ്ടതാണ്. എന്നാൽ എസ്.ബി.ഐ-യിൽ മറ്റാവശ്യങ്ങൾക്ക് എഞ്ചിനീയറിംഗ് വിഭാഗം മേധാവിയുടെ പേരിൽ കറന്റ് അക്കൗണ്ട് നിലവിൽ ഉണ്ടെങ്കിൽ ടി അക്കൗണ്ട് ഈ ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെ ആരംഭിക്കുന്ന ഓരോ അക്കൗണ്ട് വിവരങ്ങളും അതാത് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ടി ബ്ലോക്ക് പഞ്ചായത്തിന്റെയും ടി ബ്ലോക്കിന് കീഴിലുള്ള ഗ്രാമ പഞ്ചായത്തുകളുടെയും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള പ്രൊഫോർമയിൽ ഒരുമിച്ച് രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തിയ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പു സഹിതം **ഡയറക്ടർ, കേരള സ്റ്റേറ്റ് ഐറ്റി മിഷൻ, ഐ.സി.റ്റി കാമ്പസ്, വെള്ളയമ്പലം,**

**തിരുവനന്തപുരം - 695033** എന്ന മേൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടാതെ ടി പ്രൊഫോർമയുടെയും, പാസ് ബുക്കിന്റെ മുൻ പേജിന്റെയും സ്കാൻ ചെയ്ത സോഫ്റ്റ് കോപ്പി devi.ksitm@kerala.gov.in എന്ന മേൽവിലാസത്തിൽ കൂടി അയക്കേണ്ടതാണ്.

ബാങ്ക് അക്കൗണ്ട് എസ്.ബി.ഐ ശാഖയിൽ നിന്നു മാത്രം എടുക്കേണ്ടതാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനനത്തിനും ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതാണ്. ഒരു അസിസ്റ്റന്റ് എഞ്ചിനീയർക്ക് രണ്ട് പഞ്ചായത്തിന്റെ ചുമതല ഉണ്ടെങ്കിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനനത്തിന്റെ പേരിലും ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതാണ്. ഇതോടൊപ്പം സമർപ്പിക്കുന്ന പാസ് ബുക്കിന്റെ പകർപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപനനത്തിന്റെ പേര് രേഖപ്പെടുത്തേണ്ടതാണ്. ടി വിവരങ്ങൾ ആഗസ്റ്റ് 31, 2017 ന് മുമ്പ് പൂർത്തീകരിക്കേണ്ടതാണ്. ഐ.ടി മിഷന് അയയ്ക്കുന്ന ഇ-മെയിലിന്റെ ഒരു പകർപ്പ് nodalofficerlsgd@gmail.com കൂടി അയയ്ക്കേണ്ടതാണ്. ടി ബാങ്ക് അക്കൗണ്ട് ഈ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്.

ഉള്ളടക്കം : പ്രൊഫോർമ

**ചീഫ് എൻജിനീയർ**

പകർപ്പ് : എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾക്കും

# *Proforma – I (D)*

## *LSGD Engineering Wing*

## *Proforma for Bank Account Mapping*

Name of the Block Panchayath :

Name of District :

Name of the Officer :

Mobile No :

E-mail ID :

| Sl.No | Name of the LSGI | SBI Branch | A/C No | IFSC Code | Name of the Officer | Mobile No |
|---|---|---|---|---|---|---|
| 1 | .........BP | | | | | |
| 2 | .........GP | | | | | |
| 3 | .........GP | | | | | |
| 4 | .........GP | | | | | |
| 5 | | | | | | |

GP - Grama Panchayath
BP - Block Panchayath

Place : Signature

Date : Name